മഹാത്മാഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 ജൂലൈ 8

# വാർത്താക്കുറിപ്പ്

---

## കാർഷിക വിളകൾക്ക് 'നാനോപവർ'

മഹാത്മാ ഗാന്ധി സർവകലാശാലയും ആഗ്ര ബയോടെക് റിസർച്ച് സെന്ററും സംയുക്തമായി വികസിപ്പിച്ചെടുത്ത 'നാനോപവർ' എന്ന ഉത്പന്നതിന്റെ ഉദ്ഘാടനം ബഹുമാനപ്പെട്ട വൈസ് ചാൻസിലർ പ്രൊഫ. സാബു തോമസ് കേരള ഡെവലപ്പ്മെന്റ് ആൻഡ് ഇന്നോവേഷൻ സ്ട്രാറ്റെജിക് കൗൺസിൽ എക്സിക്യൂട്ടീവ് വൈസ് ചെയർ പേഴ്സൺ ഡോ. കെ.എം. എബ്രഹാമിന് നൽകി നിർവഹിച്ചു. തിരുവനന്തപുരത്ത് കെ-ഡിസ്ക് ഓഫീസിൽ നടന്ന പ്രസ്തുത ചടങ്ങിൽ ഡോ. പി. വി. ഉണ്ണികൃഷ്ണൻ, പ്രൊഫ. റോബിനെറ്റ് ജേക്കബ്, ഡോ. രാധാകൃഷ്ണൻ ഇ.കെ., ആബ്ടെക് പ്രതിനിധികളായ കെ.ജെ. ജേക്കബ്, ബിപിൻ ജേക്കബ് എന്നിവർ പങ്കെടുത്തു. എം.ജി. യൂണിവേഴ്സിറ്റിയിലെ സ്കൂൾ ഓഫ് ബയോസയൻസസിലെ ഡോ. രാധാകൃഷ്ണൻ ഇ.കെ. യും ശ്രീജിത്തും അടങ്ങിയ ഗവേഷണ സംഘം വികസിപ്പിച്ചെടുത്ത ഈ ഉത്പന്നം കാർഷിക വിളകളുടെ രോഗപ്രതിരോധശേഷി വർദ്ധിപ്പിച്ച് കൂടുതൽ വിളവ് നൽകുന്നതാണ്.

**ഫോട്ടോ ക്യാപ്ഷൻ:** 'നാനോപവർ' എന്ന ഉത്പന്നം വൈസ് ചാൻസിലർ പ്രൊഫ. സാബു തോമസ് കേരള ഡെവലപ്പ്മെന്റ് ആൻഡ് ഇന്നോവേഷൻ സ്ട്രാറ്റെജിക് കൗൺസിൽ എക്സിക്യൂട്ടീവ് വൈസ് ചെയർ പേഴ്സൺ ഡോ. കെ.എം. എബ്രഹാമിന് നൽകുന്നു.

(പി.ആർ.ഒ./39/876/2022)

## ഓൺലൈൻ ബിരുദ പ്രോഗ്രാമുകൾ: താത്പര്യപത്രം ക്ഷണിച്ചു

മഹാത്മാഗാന്ധി സർവ്വകലാശാലയുടെ ഓൺലൈൻ ബിരുദ പ്രോഗ്രാമുകൾക്കായി വീഡിയോ ക്ലാസ്സുകൾ തയ്യാറാക്കുന്നതിന് അധ്യാപകരുടെ പാനൽ രൂപീകരിക്കുന്നു. അധ്യാപന - പഠന മാർഗ്ഗരേഖകൾ തയ്യാറാക്കുന്ന ചുമതലയും ഇവർക്ക് ഉണ്ടായിരിക്കും. ബി.കോം, ബി.ബി.എ., എം.കോം., എം.എസ്.സി.-സ്റ്റാറ്റിസ്റ്റിക്സ്, എം.എ.- ജേണലിസം ആന്റ് മാസ് കമ്മ്യൂണിക്കേഷൻ, എം.എ.-ഇംഗ്ലീഷ്, എം.എ.-ബിസിനസ് ഇക്കണോമിക്സ്, എം.എ-സോഷ്യോളജി, എം.എ.- ഇൻറർനാഷണൽ റിലേഷൻസ് ആൻറ് പൊളിറ്റിക്സ്, എം.എ.-ഗ്രാഫിക് ഡിസൈൻ, എം.എ.- അനിമേഷൻ, എം.എ.-മൾട്ടിമീഡിയ എന്നീ പ്രോഗ്രാമുകൾക്ക് വേണ്ടിയുള്ള ക്ലാസുകളും പഠനരേഖകളുമാണ് തയ്യാറാക്കേണ്ടി വരിക. അപേക്ഷകരുടെ യോഗ്യതയുടേയും പ്രവൃത്തി പരിചയത്തിന്റെയും അടിസ്ഥാനത്തിൽ ആകർഷകമായ പ്രതിഫലം ലഭിക്കും. താത്പര്യമുള്ളവർ അവരുടെ യോഗ്യത, പ്രവൃത്തി പരിചയം, പ്രായം എന്നിവ ഉൾപ്പെടെയുള്ള വിവരങ്ങൾ

https://forms.gle/TXkcht3SjS31gzyw8 എന്ന ഗൂഗ്ൾ ഫോം മുഖേന സമർപ്പിക്കേണ്ടതാണ്. ഇതോടൊപ്പം ഒരു സാംപിൾ ലക്ചർ ക്ലാസ്സിന്റെ വീഡിയോയും സമർപ്പിക്കണം. 'സർവകലാശാല നിഷ്കർഷിക്കുന്ന നിലവാരത്തിൽ സ്വന്തം സൗകര്യം പ്രയോജനപ്പെടുത്തി ക്ലാസുകൾ റെക്കോർഡ് ചെയ്ത് അയച്ചു നൽകാവുന്നതാണ്. അല്ലാത്തപക്ഷം സർവകലാശാലയിൽ നേരിട്ടെത്തി ക്ലാസുകൾ റെക്കോർഡ് ചെയ്യാവുന്നതുമാണ്.' കൂടുതൽ വിവരങ്ങൾ സർവ്വകലാശാല വെബ്സൈറ്റിൽ (www.mgu.ac.in).

(പി.ആർ.ഒ./39/877/2022)

## പരീക്ഷ മാറ്റി

സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസ് ജൂലൈ 11 ന് നടത്താൻ നിശ്ചയിച്ചിരുന്ന മൂന്നാം സെമസ്റ്റർ എം.എഡ്. (2020 അഡ്മിഷൻ) പി.എച്ച്.ഡി. കോഴ്സ് വർക്ക് പരീക്ഷ ജൂലൈ 18 തീയതിയിലേക്കും ജൂലൈ 18, 19 തീയതികളിൽ നടത്താൻ നിശ്ചയിച്ചിരുന്ന വൈവാ വോസി പരീക്ഷ ആഗസ്റ്റ് നാല്, അഞ്ച് തീയതികളിലേക്കും മാറ്റി വച്ചു.

(പി.ആർ.ഒ./39/878/2022)

## അപേക്ഷാ തീയതി നീട്ടി

രണ്ടാം സെമസ്റ്റർ ബി.വോക്ക് (പുതിയ സ്കീം - 2020 അഡ്മിഷൻ - റെഗുലർ / 2019, 2018 അഡ്മിഷനുകൾ - റീ-അപ്പിയറൻസ്/ ഇംപ്രൂവ്മെന്റ്) ബിരുദ പരീക്ഷകൾക്ക് 525 രൂപ പിഴയോടു കൂടി ജൂലൈ 11 വരെയും 1050 രൂപ സൂപ്പർഫൈനോടു കൂടി ജൂലൈ 12 നും അപേക്ഷിക്കാം.

(പി.ആർ.ഒ./39/879/2022)

## പരീക്ഷ ജൂലൈ 26 മുതൽ

ആറാം സെമസ്റ്റർ ബി.വോക്ക് (2016-2018 അഡ്മിഷനുകൾ - സപ്ലിമെന്ററി / 2014, 2015 അഡ്മിഷൻ - മെഴ്സി ചാൻസ് - പഴയ സ്കീം) ബിരുദ പരീക്ഷകൾ ജൂലൈ 26 ന് ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവ്വകലാശാല വെബ്സൈറ്റിൽ (www.mgu.ac.in).

(പി.ആർ.ഒ./39/880/2022)

## പരീക്ഷാ ഫലം

ഇന്റർ യൂണിവേഴ്സിറ്റി ഇൻസ്ട്രുമെന്റേഷൻ സെന്റർ 2017 ഒക്ടോബറിൽ നടത്തിയ പി.എച്ച്.ഡി. കോഴ്സ് വർക്ക് (സയൻസ് ഫാക്കൽറ്റി, സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ./39/881/2022)

## സ്പോട്ട് അഡ്മിഷൻ

മഹാത്മാഗാന്ധി സർവ്വകലാശാല സ്കൂൾ ഓഫ് എനർജി മെറ്റീരിയൽസ് വകുപ്പിൽ എം.ടെക്ക് എനർജി സയൻസ് ആന്റ് ടെക്നോളജി പ്രോഗ്രാമിലേക്ക് എസ്.സി. വിഭാഗത്തിൽ രണ്ടും എസ്.ടി. വിഭാഗത്തിൽ ഒന്നും സീറ്റുകൾ ഒഴിവുണ്ട്. അർഹരായ വിദ്യാർത്ഥികൾ അസ്സൽ യോഗ്യത രേഖകളുമായി ജൂലൈ 12 ന് 11 മണിക്ക് വകുപ്പ് ഓഫീസിൽ (റൂം നം. 88 B, സി.എ.പി. സെൽ) നടക്കുന്ന സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കാം. യോഗ്യത സംബന്ധിച്ച വിശദവിവരങ്ങൾക്ക് www.mgu.ac.in എന്ന സർവ്വകലാശാല വെബ്സൈറ്റ് സന്ദർശിക്കുകയോ 8281082083 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുകയോ ചെയ്യുക.

(പി.ആർ.ഒ./39/882/2022)

## ഓപ്പൺ അഡ്മിഷൻ

മഹാത്മാഗാന്ധി സർവ്വകലാശാല സ്കൂൾ ഓഫ് എനർജി മെറ്റീരിയൽസ് വകുപ്പിൽ എം.ടെക്ക് എനർജി സയൻസ് ആന്റ് ടെക്നോളജി പ്രോഗ്രാമിലേക്ക് ജനറൽ വിഭാഗത്തിൽ മൂന്ന് സീറ്റുകൾ ഒഴിവുണ്ട്. അർഹരായ വിദ്യാർത്ഥികൾ അസ്സൽ യോഗ്യത രേഖകളുമായി ജൂലൈ 11 മുതൽ 19 വരെ വകുപ്പ് ഓഫീസിൽ (റൂം നം. 88 B, സി.എ.പി. സെൽ) നടക്കുന്ന ഓപ്പൺ അഡ്മിഷനിൽ പങ്കെടുക്കാം. യോഗ്യത സംബന്ധിച്ച വിശദവിവരങ്ങൾക്ക് www.mgu.ac.in എന്ന സർവ്വകലാശാല വെബ്സൈറ്റ് സന്ദർശിക്കുകയോ 8281082083 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുകയോ ചെയ്യുക.

(പി.ആർ.ഒ./39/883/2022)

## സീറ്റൊഴിവ്

സ്കൂൾ ഓഫ് എൻവയോൺമെന്റൽ സയൻസസിൽ എം.എസ്.സി. അപ്ലൈഡ് ജിയോളജി കോഴ്സിന് പട്ടിക വർഗ വിഭാഗത്തിന് ഒരു സീറ്റ് ഒഴിവുണ്ട്. യോഗ്യരായവർ ജാതി, യോഗ്യത തുടങ്ങിയവ തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകളുമായി ജൂലൈ 19 നകം സ്കൂൾ ഓഫീസിൽ എത്തണം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 9447573027.

(പി.ആർ.ഒ./39/884/2022)

മഹാത്മാഗാന്ധി സർവ്വകലാശാല പഠന വകുപ്പായ സ്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസസിൽ എം.എസ്.സി. കമ്പ്യൂട്ടർ സയൻസ് പ്രോഗ്രാമിൽ (2022-2024) എസ്.സി. സംവരണ വിഭാഗത്തിൽ ഒന്നും എസ്.ടി. സംവരണ വിഭാഗത്തിൽ രണ്ടും സീറ്റുകൾ ഒഴിവുണ്ട്. എം.ജി. സർവ്വകലാശാല അംഗീകരിച്ചിട്ടുള്ള ബി.എസ്.സി. കമ്പ്യൂട്ടർ സയൻസ് / കമ്പ്യൂട്ടർ ആപ്ലിക്കേഷൻ / ബി.സി.എ. അല്ലെങ്കിൽ കമ്പ്യൂട്ടർ സയൻസ് മുഖ്യ വിഷയമായുള്ള ബിരുദമാണ് യോഗ്യത. താൽപര്യമുള്ളവർ അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം ജൂലൈ 12 ന് രാവിലെ 11 മണിക്ക് നേരിട്ട് ഹാജരാകേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 8238297873 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

(പി.ആർ.ഒ./39/885/2022)

മഹാത്മാഗാന്ധി സർവ്വകലാശാല സ്കൂൾ ഓഫ് നാനോസയൻസ് ആന്റ് നാനോ ടെക്നോളജി വകുപ്പിൽ എം.എസ്.സി. നാനോസയൻസ് ആന്റ് നാനോടെക്നോളജി (കെമിസ്ട്രി) പ്രോഗ്രാമിലേക്ക് എസ്.സി. വിഭാഗത്തിൽ രണ്ട് സീറ്റുകൾ ഒഴിവുണ്ട്. അർഹരായ വിദ്യാർത്ഥികൾ അസ്സൽ യോഗ്യത രേഖകളുമായി ജൂലൈ 11 ന് 11 മണിക്ക് വകുപ്പ് ഓഫീസിൽ (റൂം നം. 88 B, സി.എ.പി. സെൽ) നേരിട്ട് ഹാജരാകേണ്ടതാണ്. യോഗ്യത സംബന്ധിച്ച വിശദവിവരങ്ങൾക്ക് www.mgu.ac.in എന്ന സർവ്വകലാശാല വെബ്സൈറ്റ് സന്ദർശിക്കുകയോ 9447712540 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുകയോ ചെയ്യുക.

(പി.ആർ.ഒ./39/886/2022)

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)
അനിൽകുമാർ ജി.